**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2093** **14-10-2024 - ൽ മറുപടിയ്ക്ക്**

**ബാലുശ്ശേരി മണ്ഡലത്തിലെ പരിസ്ഥിതി ലോല പ്രദേശങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പരിസ്ഥിതി ലോല പ്രദേശങ്ങളുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ പുറത്തിറക്കിയ കരട് വിജ്ഞാപനത്തിൽ ഉൾപ്പെട്ട ജനവാസ മേഖലയിലെ ജനങ്ങളുടെ ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ആശങ്ക ഒഴിവാ ക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ജനങ്ങളുടെ ആശങ്ക ഒഴിവാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം അനുബന്ധമായി ചേർത്തി രിക്കുന്നു. |
| (ബി) | പ്രസ്തുത വിജ്ഞാപനത്തിൽ ബാലുശ്ശേരി മണ്ഡലത്തിലെ ഏതൊക്കെ വില്ലേജുകൾ ഉൾപ്പെട്ടിട്ടുണ്ടെന്നും വിജ്ഞാപനത്തിൽ നിന്നും ജനവാസമേഖല ഒഴിവാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ? | (ബി) | കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള നിലവിലുള്ള കരട് ഇ എസ് എ വിജ്ഞാപന പ്രകാരം ബാലുശ്ശേരി നിയോജക മണ്ഡലത്തിലെ ചക്കിട്ടപ്പാറ വില്ലേജ് ഭാഗികമായി ഇ എസ് എ കരട് വിജ്ഞപനത്തിൽ ഉൾപെട്ടിട്ടുണ്ട്. നടപടി സംബന്ധിച്ച റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു |

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം</u>

കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഇപ്പോൾ നിലവിലുള്ള കരട് ESA വിജ്ഞാപനം പ്രകാരം ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ മുൻ ഖണ്ഡിക കുറിപ്പിലെ വില്ലേജ് ഭാഗികമായി ESA ഇൽ ഉൾപ്പെട്ടിട്ടുണ്ട്.പ്രസ്തുത വ്യാപ്തി ലഘൂകരിക്കുന്നതിനും ആയതു സംബന്ധിച്ച് ജനങ്ങളുടെ ആശങ്കകൾ പരിഹരിക്കുന്നതിനും ഉള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചിട്ടും ഉണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ESA വില്ലേജുകളുടെ നിർണ്ണയവുമായി ബന്ധപ്പെട്ട് സംസ്ഥാന ചീഫ് സെക്രട്ടറി 24-05-2022 ൽ നടത്തിയ യോഗത്തിൽ വില്ലേജ്-വനാതിർത്തികൾ പരിശോധിച്ച ജനവാസമേഖലകൾ ഒഴിവാക്കി **ESA** ആയി നിജപ്പെടുത്തേണ്ട പ്രദേശങ്ങളെ സംബന്ധിച്ച് വ്യക്തത വരുത്തുന്നതിനായി ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാതല പരിശോധന സമിതി രൂപീകരിച്ചു. പ്രസ്തുത സമിതിയിൽ റവന്യൂ, വനം, പരിസ്ഥിതി, സർവ്വേ & ലാൻഡ് റെക്കോർഡ്സ്, കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് & എൻവയോൺമെന്റ് സെന്റർ, ലാൻറ്റ് യൂസ് ബോർഡ്, ലാൻറ്റ് റവന്യൂ കമ്മീഷണറേറ്റ് എന്നിവയുടെ ഉദ്യോഗസ്ഥർ ആയതുപ്രകാരം പരിസ്ഥിതി വകുപ്പ് തയാറാക്കിയ കരട് shape/kml ഫയൽ പരിശോധിക്കുന്നതിനായി, ചീഫ് സെക്രട്ടറിതല യോഗത്തിലെ നിർദ്ദേശ പ്രകാരം. ESA വില്ലേജുകൾ വരുന്ന ജില്ലകളിൽ കളക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാതല പരിശോധന കമ്മിറ്റി ത്രൂപീകരിക്കുകയുണ്ടായി. വില്ലേജ് അതിർത്തികൾ, വനാതിർത്തികൾ വരുന്നപക്ഷം അവിടങ്ങളിൽ സ്ഥലപരിശോധന സഹിതം നടത്തി അപാകതകൾ പരിഹരിച്ചു. ഇവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ESA പുനഃനിർണ്ണയിക്കുകയുണ്ടായി.

പ്രസ്തുത രേഖകളിന്മേൽ അവസാനഘട്ട പരിശോധനകൾക്കും പൊതുജനങ്ങളുടെ അഭിപ്രായ സമാഹരണത്തിനും ശേഷം ആവശ്യമായ മാറ്റങ്ങൾ വരുത്തി അന്തിമമാക്കുന്നതിലേക്കുള്ള അവസാന നടപടിക്രമത്തിന്റെ ഭാഗമായി ഈ രേഖകൾ എല്ലാ പഞ്ചായത്തുകളിലും 2024 മാർച്ച് മാസം കൈമാറി.

പഞ്ചായത്തുകളിൽ നിന്നുള്ള അഭിപ്രായങ്ങൾ കൂടി ഉൾപ്പെടുത്തി അന്തിമ റിപ്പോർട്ട് സമർപ്പിക്കുമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി സംസ്ഥാനത്തിന്റെ പുതുക്കിയ ESA നിർദ്ദേശം 2024 മെയ് 13 ന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിക്കുകയുണ്ടായി.

അതുപ്രകാരം പഞ്ചായത്തുകളിൽ നിന്നും ലഭ്യമാക്കിയിട്ടുള്ള സ്പേഷ്യൽ രേഖകൾ പരിശോധിക്കുകയും ഒഴിവാക്കാൻ തന്നതുപ്രകാരം ESA യിൽ മാറ്റം വരുത്തി പരിസ്ഥിതി വകുപ്പ് സമർപ്പിച്ച കരട് രേഖകൾ സർക്കാരിന്റെ പരിഗണനയിലും ആണ്.